# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1248** | **13.12.2012-ൽ മറുപടി നൽകേണ്ടത്**

## വസ്തുക്കളുടെ ന്യായവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.സി.വിഷ്ണുനാഥ് | ശ്രീ അടൂർപ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ എണ്ണയ്ക്കാട് വില്ലേജിൽ കോട്ടൂർ വീട്ടിൽ മാത്യൂ മകൻ കൊച്ചുകുഞ്ഞും സഹോദരങ്ങളും കൂടി ബ്ലോക്ക് നമ്പർ 4-ൽ റീസർവ്വേ നമ്പർ (140/2, 140/3) വസ്തുക്കളുടെ ന്യായവില തിട്ടപ്പെടുത്തിയതിലെ പിശക് തിരുത്തുവാനായി ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) അപേക്ഷകന്റെ പരാതിപ്രകാരം നടത്തിയ അന്വേഷണത്തിൽ അപേക്ഷകന് വസ്തുവിന്മേൽ അവകാശം സിദ്ധിച്ച ആധാരംപ്രകാരം സർവെ നമ്പർ 140/2-ൽപ്പെട്ട വസ്തു പുരയിടമായി കാണുന്നതും ടി വസ്തുവിലേയ്ക്ക് സ്വകാര്യ വഴിയുള്ളതായും കാണുന്നു. അപേക്ഷ വസ്തുവിന് ആർ ഒന്നിന് 1,50,000/- രൂപയിൽ കൂടുതൽ വിലയുള്ളതാണ്. മേൽവിവരിച്ച സാഹചര്യത്തിൽ അപേക്ഷാ വസ്തുവിന് നിർണ്ണയിച്ചിട്ടുള്ള ആർ ഒന്നിന് 60,000/- രൂപയിൽ നിന്നും വീണ്ടും ന്യായവില കുറച്ചു നിർണ്ണയിക്കണമെന്നുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല. ഇത് സംബന്ധിച്ച് അപേക്ഷകന് മറുപടി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വസ്തുക്കൾക്ക് ന്യായവിലയായി 6,000, 60,000 എന്നിങ്ങനെ വിലവ്യത്യാസം വന്നത് എങ്ങനെ എന്ന് വ്യക്തമാക്കുമോ; | (ബി) ക്ലറിക്കൽ പിശകുമൂലമാണ് ഇതുണ്ടായത്. |
| (സി) ആയത് പരിഹരിച്ച് നൽകുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ? | (സി) കളക്ടറേറ്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ